(ഡി) ഇക്കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ഇ) ഈ ജില്ലകൾ പിന്നോക്കം നില്ക്കാനുണ്ടായ കാരണങ്ങൾ എന്തൊക്കെ എന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഈ ജില്ലകളിൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാനുദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ലോകാരോഗ്യ സംഘടനയും ആരോഗ്യവകുപ്പും നടത്തിവരുന്ന പരിപാടികളെ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാ മാസവും ജില്ലാ മെഡിക്കൽ ആഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

(ബി) പ്രതിരോധമരുന്നുകൾ കൊണ്ട് തടയാവുന്ന അസുഖങ്ങളായ വില്ലൻചുമ, ടെറ്റനസ്, ഡിഫ്തീരിയ, അഞ്ചാംപനി, പോളിയോ ഇവയുടെ വ്യാപനം തടയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കോട്ടയം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, എന്നീ ജില്ലകൾ മുൻപന്തിയിൽ നില്ക്കുന്നു.

(ഡി) മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകൾ.

(ഇ) മലപ്പുറം ജില്ലയെ സംബന്ധിച്ച് സാമൂഹികമായ പിന്നോക്കാവസ്ഥയും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശവും പട്ടികവർഗ്ഗ വിഭാഗം താമസിക്കുന്ന മലമ്പ്രദേശങ്ങളും ഉൾപ്പെട്ട മേഖല എന്നത് തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളമുള്ള കാരണങ്ങളാണ്.

(എഫ്) മുഴുവൻ കുട്ടികൾക്കും രോഗപ്രതിരോധ പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

(ജി) ബോധവത്കരണപരിപാടികൾ ആരോഗ്യവകുപ്പിന്റെ പ്രോഗ്രാമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

143(165) നിർമ്മാർജ്ജനം ചെയ്യപ്പെട്ട പകർച്ചവ്യാധികൾ വീണ്ടും പ്രത്യക്ഷപ്പെട്ട സംഭവം

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം പകർച്ചവ്യാധികൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ക്ഷയം, മലമ്പനി, സ്മാൾപോക്സ് എന്നിവ ബാധിച്ച എത്ര കേസ്സുകൾ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) സംസ്ഥാനത്തെ എയ്ഡ്സ് രോഗികളുടെ എണ്ണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പോളിയോ രോഗം എവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഇ) നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഈ രോഗം വീണ്ടും പ്രത്യക്ഷപ്പെട്ടത് എപ്രകാരമാണ്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോളിയോ, ഛർദ്ദി, അതിസാരം, ടൈഫോയ്ഡ്, മലേറിയ എന്നീ പകർച്ചവ്യാധികളാണ് വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ളത്.ശുദ്ധജല വിതരണത്തിന്റെ അപര്യാപ്തത, സ്വീവേജ് ഡിസ്പോസൽ ഫലപ്രദമായി നടക്കാതിരിക്കുക തുടങ്ങിയവ മൂലവും അന്തർസംസ്ഥാന ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിനാലും രോഗങ്ങൾ പകരുന്നതിന് കാരണമായിത്തീരുന്നു.

(ബി) ക്ഷയം : കേരളത്തിൽ ജനുവരി 2000 മുതൽ നവംബർ 2000 വരെ ആകെ 16406 ക്ഷയരോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മലമ്പനി : ഈ വർഷം ഇതുവരെ മലമ്പനി ബാധിച്ച 231 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടു മരണവും സംഭവിച്ചിട്ടുണ്ട്.

സ്മാൾ പോക്സ് : കേസ്സുകൾ നിലവിലില്ല.

(സി) ലഭ്യമായ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് 394 എയ്ഡ്സ് രോഗികൾ ഉണ്ട്.

(ഡി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിലെ ചക്കുമ്മൽ എന്ന സ്ഥലത്ത് ഒന്നേകാൽ വയസ്സുള്ള അസിഫ് എന്ന കുട്ടിക്ക് പോളിയോ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കുട്ടിക്ക് ക്രമമായി കിട്ടേണ്ടിയിരുന്ന പ്രതിരോധ വാക്സിനുകൾ യഥാസമയം കിട്ടിയിരുന്നില്ല.

144(166) എലിപ്പനിമൂലമുള്ള മരണം

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് എലിപ്പനിമൂലമുണ്ടായ മരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര മരണങ്ങളാണ് നടന്നിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം നിരാലംബരായ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998 - 68

1999 - 93

2000 - 65

LIBRARY ARCHIVES Kerala Legislative Assembly